മലയാള മനോരമ
23 July 2018

# സൂക്ഷ്മ ജീവികൾ വിൽപനയ്ക്ക്

കൊച്ചി ● മൽസ്യക്കുളങ്ങളിലെ വിസർജ്യങ്ങളും ഭക്ഷ്യാവശിഷ്ടങ്ങളും നശിപ്പിക്കാൻ കഴിവുള്ള സൂക്ഷ്മജീവികൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) കൃഷി വിജ്ഞാൻ കേന്ദ്രയിൽ വിൽപനയ്ക്കു തയാർ.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ നാഷനൽ സെന്റർ ഫോർ അക്വാട്ടിക് അനിമൽ ഹെൽത്ത് വികസിപ്പിച്ചെടുത്ത സൂക്ഷ്മ ജീവികളാണിവ. കുളങ്ങളിലും ടാങ്കുകളിലും മത്സ്യകൃഷി നടത്തുന്നവർക്ക് ഏറെ പ്രയോജനപ്രദമാണിത്. സൂക്ഷ്മ ജീവികളടങ്ങിയ 100 മില്ലി ലീറ്റർ ബോട്ടിൽ കൊണ്ട് 30 സെന്റ് വ്യാപ്തിയുള്ള കുളത്തിൽ ഒരു മാസം വരെ ഉപയോഗിക്കാം. 150 രൂപയാണു വില.

കെവികെ വിപണന കേന്ദ്രത്തിൽ രാവിലെ 9.30നും 4.30നുമിടയിൽ ഇവ ലഭ്യമാകും.